സിനിമ

തിരുവനന്തപുരം

കൈരളി
- 2018 (11.00, 2.30, 6.15, 9.15, 11.59)

ശ്രീ
- പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.00, 9.30)

നിള
- പൊന്നിയിൻ സെൽവൻ 2 (T) (11.00)
- പൊന്നിയിൻ സെൽവൻ 2 (M) (2.30, 6.00, 9.30)

കലാഭവൻ
- പൊന്നിയിൻ സെൽവൻ 2 (11.00, 9.30)
- പാച്ചുവും അത്ഭുതവിളക്കും (2.30, 6.00)

ലെനിൻ സിനിമാസ്
- നീലവെളിച്ചം (4.00, 9.00)
- ബി32 – 44 (11.30)
- EVIL DEAD RISE (2.00, 7.00, 11.30)

അജന്ത
- പൊന്നിയിൻ സെൽവൻ 2 (6.30, 10.00)
- അനുരാഗം (11.30, 2.30)

ഏരീസ് പ്ലക്സ് എസ്എൽ സിനിമാസ്

ഓഡി 1
- EVIL DEAD RISE (10..30)
- KISI KI BHAI KISI KI JAAN (H) (12.45)
- നീലവെളിച്ചം (4.00, 7.15, 10.30)

ഓഡി 2
- മദനോത്സവം (11.15, 2.00, 4.45, 7.45, 10.55)

ഓഡി 3
- യാനി മുഗുത്താൻ (12.15)
- അടി (2.45, 8.00)
- കായ്പോള (5.30)
- യാത്തിസായ് (10.45)

ഓഡി 4
- സുലേഖ മൻസിൽ (10.30)
- അയൽവാശി (1.00, 3.15, 8.30, 11.00)
- കഠിനകഠോരം (5.45)

ഓഡി 5
- നീലവെളിച്ചം (11.15)
- കഠിനകഠോരം (2.15, 10.15)
- KISI KI BHAI KISI KI JAAN (H) (5.00)
- EVIL DEAD RISE (8.00)

ഓഡി 6
- കഠിനകഠോരം (10.30)
- EVIL DEAD RISE (1.00, 5.30)
- സുലേഖ മൻസിൽ (3.00, 7.45, 10.30)

വർക്കല

വിമല
- പാച്ചുവും അത്ഭുതവിളക്കും (11.00, 3.00, 6.30, 9.45)

എസ് ആർ
- പത്താം വളവ് (11.00, 3.00, 6.30, 9.45)

സ്റ്റാർ
- DON (11.00, 3.00, 6.15, 9.30)

വെട്ടുറോഡ്

ഹരിശ്രീ (0471 2755666)
- 2018 (11.15, 2.30, 6.15, 9.30)

വെഞ്ഞാറമൂട്

സിന്ധു സിനിമ
- പൊന്നിയിൻ സെൽവൻ 2

പോത്തൻകോട്

എച്ച് കെ സിനിമാസ് (0471 2715555)
- പൊന്നിയിൻ സെൽവൻ 2 (11.00, 2.30, 6.00, 9.30)

എം ടി സിനി പ്ലക്സ് (2419515)

ടെല 1
- പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.15, 9.45)

ടെല 2
- EVIL DEAD RISE (11.00, 2.30, 6.30, 9.30)

നെടുമങ്ങാട്

റാണി ടാക്കീസ്

സ്ക്രീൻ 1
- 2018 (11.00, 2.30, 6.00, 9.30)

സ്ക്രീൻ 2
- പൊന്നിയിൻ സെൽവൻ 2 (11.00, 230, 6.00, 9.30)

കാട്ടാക്കട

എസ് എൽ സിനിമാസ്

സ്വരം
- 2018 (11.15, 2.30, 6.15, 9.15)

ലയം
- പൊന്നിയിൻ സെൽവൻ 2 (11.30, 2.30, 6.30, 9.30)

ശ്രീ കാളിദാസ് (9562404499)

ഓഡി 1
- 2018(4 ഷോ)

ഓഡി 2
- പൊന്നിയിൻ സെൽവൻ 2 (4 ഷോ)

ഓഡി 3
- പൊന്നിയിൻ സെൽവൻ 2 (4 ഷോ)

ഓഡി 4
- കേരള സ്റ്റോറി 2 (11.00, 9.30)

ഓഡി 5
- വിരുപക്ഷ (6.15? 9.30)
- മദനോത്സവം (6.15,9.30)

ഓഡി 6
- പാച്ചുവും അത്ഭുതവിളക്കും (4 ഷോ)

ചാനൽ സിനിമ

കൈരളി

6.30	എൻജികെ
9.00	24
12.00	Unparalleled Mulan
4.00	ആരംഭം
7.00	AAMBBALA
10.00	അടങ്കാമരു

വി

7.00	പൊമ്മുട്ടയിടുന്ന താറാവ്
10.00	ജില്ല
3.00	ചിന്നതമ്പി
6.00	ബന്ധുക്കൾ ശത്രുക്കൾ
9.00	ചെസ്
11.45	പാസ്പോർട്ട്

ഏഷ്യാനെറ്റ്

9.30	തണ്ണീർമത്തൻ ദിനങ്ങൾ

ഏഷ്യാനെറ്റ് മൂവീസ്

7.00	കലി
10.00	പുലിമുരുകൻ
1.00	ആക്ഷൻഹീറോ ബിജു
4.00	നാടോടിമന്നൻ
7.00	നെയ്യാറ്റിൻകര ഗോപന്റെ ആറാട്ട്
10.30	കൊച്ചിരാജാവ്

സൂര്യ

8.30	ചക്കരമുത്ത്
2.30	മേഘം

സൂര്യ മൂവീസ്

7.00	മകരമഞ്ഞ്
10.00	ചിത്രശലഭങ്ങളുടെ വീട്
1.00	അമ്മക്കിളിക്കൂട്
4.00	ബ്ലാക് ഡാലിയ
7.00	രാമന്റെ ഏദൻതോട്ടം
10.00	കൗരവർ

കെട്ടിട നമ്പർ ലഭിക്കും

വിജയകുമാറിനും സ്മിതയ്ക്കും ആശ്വാസം

വർക്കല

വർക്കല താലൂക്കുതല അദാലത്തിൽ മന്ത്രി വി ശിവൻകുട്ടിയും വി ജോയി എംഎൽഎയും പരാതി കേൾക്കുന്നു

40 വർഷത്തെ പ്രവാസജീവിതം കൊണ്ട് നേടിയ സമ്പാദ്യത്താൽ നിർമിച്ച വ്യാവസായിക കെട്ടിടത്തിന് നമ്പർ കിട്ടാതായപ്പോൾ ചാത്തൻപാറ സ്വദേശി വിജയകുമാർ (62) ആകെ തളർന്നു. കോവിഡ്മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധികൾ കാരണം മുന്നോട്ടുള്ള ജീവിതം തന്നെ ചോദ്യചിഹ്നമായി നിൽക്കുന്ന സ്ഥിതിയിലാണ് ഈ പ്രവാസി മലയാളി തന്റെ കെട്ടിടങ്ങളുടെ പ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെട്ട് അദാലത്തിലേക്ക് വരുന്നത്. മന്ത്രി ആന്റണി രാജു വിജയകുമാറിന്റെ പ്രശ്നത്തിന് പരിഹാരം കാണാൻ ഉദ്യോഗസ്ഥരോട് നിർദേശിച്ചു.

ഏറെക്കാലമായി തന്നെ അലട്ടിയിരുന്ന പ്രശ്നത്തിന് സർക്കാർ ഇടപെടലിലൂടെ പരിഹാരം ലഭിച്ചതിന്റെ ആശ്വാസത്തിലാണ് വിജയകുമാർ മടങ്ങിയത്. വിജയകുമാറിന്റെ കെട്ടിടത്തിലാണ് വർക്കല താലൂക്കിലെ റേഷൻ കടകളിലേക്ക് എത്തിക്കേണ്ട ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്ന ഗോഡൗൺ ഉൾപ്പെടുന്നത്. മറ്റൊരു ഭാഗം മിനി ഹാളായും പ്രവർത്തിക്കുകയാണ്.

ഭിന്നശേഷിക്കാരിയായ ചെറുന്നിയൂർ സ്വദേശി സ്മിതയും കെട്ടിട നമ്പർ കിട്ടിയതിന്റെ ആശ്വാസത്തിലാണ് മടങ്ങിയത്. ചെറുന്നിയൂർ ജങ്ഷനിൽ സ്വന്തം വീടിനുമുന്നിൽ കച്ചവടം തുടങ്ങാൻ നിർമിച്ച കെട്ടിടത്തിന് നമ്പർ കിട്ടാത്തതിനാൽ കച്ചവടം തുടങ്ങാനായിരുന്നില്ല.

മന്ത്രി ആന്റണി രാജു സ്മിതയുടെ പരാതി ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപെടുത്തി ഉടനടി പരിഹാരം കണ്ടു.

അമ്മയ്ക്കുവേണ്ടി പഠനം ഉപേക്ഷിച്ചു

അജിത്രയ്ക്ക് മന്ത്രിയുടെ ഉറപ്പ് സർട്ടിഫിക്കറ്റ് ലഭിക്കും

വർക്കല

അസുഖബാധിതയായ അമ്മയെ സംരക്ഷിക്കാനാണ് ചെറുന്നിയൂർ സ്വദേശിനി ബി എസ് അജിത്ര പാതിവഴിയിൽ പഠനം ഉപേക്ഷിച്ചത്. ഇടുക്കി, പീരുമേട് അയ്യപ്പ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ ഒന്നാം വർഷ ബിസിഎ വിദ്യാർഥിനിയായിരുന്നു. ഒരു സെമസ്റ്റർ പോലും പൂർത്തിയാക്കാനാകാതെ പഠനം ഉപേക്ഷിക്കേണ്ടി വന്നു. 62,523 രൂപ ഫീസ് അടച്ചാൽ മാത്രമേ കോളേജ് അധികൃതർ എസ്എസ്എൽസി, പ്ലസ് ടു സർട്ടിഫിക്കറ്റുകളും ടിസിയും തിരികെ നൽകൂ എന്ന് നിലപാടെടുത്തു. ഇത്രയും തുക കണ്ടെത്താൻ കഴിയാതെ വന്നപ്പോഴാണ് അജിത്ര അദാലത്തിനെത്തിയത്. അച്ഛന്റെ വരുമാനത്തെ ആശ്രയിച്ചാണ് അനിയത്തിയുടെ പഠനവും അമ്മയുടെ ചികിത്സാ ചെലവുകളും മുന്നോട്ട് കൊണ്ടുപോകുന്നത്. അജിത്രയുടെ പരാതികേട്ട മന്ത്രി വി ശിവൻകുട്ടി കോളേജ് അധികൃതരുമായി ഫോണിൽ ബന്ധപ്പെട്ടു. സർട്ടിഫിക്കറ്റുകൾ തിരിച്ചു നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയായിരുന്നു.

സുജാതയും മക്കളും മേൽക്കൂരയുള്ള വീട്ടിൽ അന്തിയുറങ്ങും

വർക്കല

പ്രകൃതിക്ഷോഭത്തിൽ വീട് ഭാഗികമായി നശിച്ച സുജാതയ്ക്ക് ആശ്വസിക്കാം. നഷ്ടപരിഹാരമായി 61,800 രൂപ മന്ത്രി വി ശിവൻകുട്ടി അദാലത്തിൽ കൈമാറി. രണ്ടുവർഷം മുമ്പത്തെ വേനൽമഴയിലാണ് വെന്നിക്കോട് അകത്തുമുറി സ്വദേശിയായ സുജാതയുടെ വീട് ഭാഗികമായി നശിച്ചത്. ഷീറ്റ് മേഞ്ഞ വീടിന്റെ മേൽക്കൂര പറന്നുപോയി. സുജാതയുടെ ഭർത്താവ് സന്തോഷിന് കൂലിപ്പണിയാണ്.

കൊറോണക്കാലമായിരുന്നതിനാൽ ജോലിയില്ലാതെ കഷ്ടപ്പെട്ട സന്തോഷിന് വീട് പുതുക്കിപ്പണിയാനുള്ള പണം കണ്ടെത്താനായില്ല. പിന്നീട് ടാർപോളിൻകൊണ്ട് മറച്ച വീട്ടിലാണ് രണ്ടു മക്കളെയുംകൊണ്ട് ഇവർ ജീവിച്ചത്.

തുടർന്നാണ് സുജാത അദാലത്തിൽ പ്രകൃതിക്ഷോഭത്തിൽ വീടിന് നാശനഷ്ടം സംഭവിച്ചത് കാട്ടി അപേക്ഷ നൽകിയത്. ഇനി മഴയെ പേടിക്കാതെ കിടന്നുറങ്ങാം എന്ന സന്തോഷത്തോടെയാണ് സുജാത തിരിച്ചുപോയത്.

ജപ്തി ചെയ്യില്ല; ഷീജയ്ക്കും മക്കൾക്കും ആശ്വാസം

വർക്കല

വർക്കല സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽനിന്ന് എടുത്ത വായ്പാതുക തിരിച്ചടയ്ക്കാനാകാതെയാണ് കുടവൂർ സ്വദേശി ഷീജ അദാലത്തിനെത്തിയത്. വിദേശത്ത് ജോലിയുള്ള ഭർത്താവിന്റെ വരുമാനമായിരുന്നു തിരിച്ചടവിനുള്ള ഏക ആശ്രയം. എന്നാൽ, വ്യക്തിപരമായ കാരണങ്ങളാൽ ഷീജയും ഭർത്താവും വേർപിരിഞ്ഞു. മൂന്ന് മക്കളും വയോധികയായ അമ്മയും മാത്രമുള്ള കുടുംബത്തിന്റെ ഏക ആശ്രയം ഷീജയുടെ തയ്യൽ ജോലിയാണ്. ജീവിതച്ചെലവുകളും മക്കളുടെ പഠനവും ഉൾപ്പെടെ ഈ വീട്ടമ്മയ്ക്ക് താങ്ങാനാകുന്നുണ്ടായിരുന്നില്ല. വായ്പ തിരിച്ചടവും മുടങ്ങി. കുടിശ്ശിക 15ന് മുമ്പായി തിരിച്ചടച്ചില്ലെങ്കിൽ ബാങ്ക് ജപ്തി നടപടികൾ ആരംഭിക്കുമെന്ന് നോട്ടീസ് ലഭിച്ചു. എന്ത് ചെയ്യണമെന്ന് മാർഗമില്ലാതെ വിഷമിച്ച ഷീജ പ്രതീക്ഷയോടെയാണ് അദാലത്തിനെത്തിയത്. ഷീജയുടെ നിസ്സഹായവസ്ഥ മനസ്സിലാക്കി ജപ്തി നടപടികൾ നിർത്തിവയ്ക്കാൻ മന്ത്രി വി ശിവൻകുട്ടി ഉത്തരവിട്ടു. ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് സാവകാശം നൽകാനും മന്ത്രി നിർദേശിച്ചു.

ആലുവിളപ്പുറം നിവാസികൾക്ക്

കരം ഒടുക്കിയ സന്തോഷം

വർക്കല

“കരമടയ്ക്കാൻ പറ്റാത്തതിനാൽ ഒരു ആനുകൂല്യവും ഞങ്ങൾക്ക് ലഭിക്കുന്നില്ല...എങ്ങനെയെങ്കിലും ഞങ്ങളുടെ വസ്തുവിന് കരമടയ്ക്കാനുള്ള അവസരം ഉണ്ടാക്കണം”– അയിരൂർ ആലുവിളപ്പുറം ലക്ഷംവീട് കോളനി നിവാസികളായ എട്ടു കുടുംബങ്ങൾ അദാലത്തിലെത്തിയത് ഈ ആവശ്യവുമായാണ്. ത്രേസ്യ, ചെല്ലമ്മ, ഓമന, അൽഫോൺസ, ഇന്ദിര, സെലീന, കുഞ്ഞുപെണ്ണ്, ഉഷ എന്നിവരാണ് പരാതിയുമായെത്തിയത്.

ഇവർക്ക് പട്ടയം ലഭിച്ച ഭൂമിക്ക് 2000 മുതൽ കരം അടയ്ക്കാൻ അവസരം നഷ്ടപ്പെട്ടു. തുടർന്നാണ് ഇവർ അദാലത്തിൽ അപേക്ഷ നൽകിയത്. പരാതി പരിശോധിച്ച മന്ത്രിമാരുടെയും എംഎൽഎമാരുടെയും നിർദേശാനുസരണം ഉദ്യോഗസ്ഥർ ലക്ഷം വീട് കോളനിയിലെത്തി അടിയന്തരമായി നടപടികൾ സ്വീകരിച്ചു.

അർബുദ നിർണയ ക്യാമ്പ് ഇന്ന്

മംഗലപുരം

പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ പ്രതിമാസ അർബുദ നിർണയ ക്യാമ്പ് ബുധനാഴ്ച കഠിനംകുളം ചേരമാൻ തുരുത്ത് എൽപി സ്കൂളിൽ നടക്കും. ചേരമാൻ തുരുത്ത് പ്രോഗ്രസ്സീവ് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന്റെ സഹകരണത്തോടെ ആർസിസിയിലെ വിദഗ്ധർ ക്യാമ്പിലെത്തും.

വിശദ പരിശോധനകൾക്ക് തെരഞ്ഞെടുക്കപ്പെടുന്നവരുടെ പരിശോധനാ ചെലവുകൾ ബ്ലോക്ക് പഞ്ചായത്ത് വഹിക്കുമെന്ന് പ്രസിഡന്റ് ഹരിപ്രസാദ് അറിയിച്ചു.

നഗരൂർ- പുളിമാത്ത്- കരവാരം സമഗ്രകുടിവെള്ള പദ്ധതി ഉദ്ഘാടനം ഇന്ന്

ശുദ്ധമായ കുടിവെള്ളം വീടുകളിലെത്തും

രണ്ട് ഘട്ടങ്ങളിലായി ചെലവഴിക്കുന്നത് 171 കോടി രൂപയോളം

സ്വന്തം ലേഖകൻ

കിളിമാനൂർ

നഗരൂർ, പുളിമാത്ത്, കരവാരം പഞ്ചായത്തുകളിലെ മുഴുവൻ കുടുംബങ്ങൾക്കും ശുദ്ധീകരിച്ച കുടിവെള്ളമെത്തിക്കാൻ എൽഡിഎഫ് ആവിഷ്കരിച്ച സ്വപ്നപദ്ധതി നഗരൂർ–പുളിമാത്ത് –കരവാരം സമഗ്രകുടിവെള്ള പദ്ധതി പ്രവർത്തനങ്ങൾ യാഥാർഥ്യമാകുന്നു. നിർമാണോദ്ഘാടനം ബുധൻ വൈകിട്ട് 4ന് ക്രിസ്റ്റൽ കൺവൻഷൻ സെന്ററിൽ മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിക്കും. ഒ എസ് അംബിക എംഎൽഎ അധ്യക്ഷയാകും.

രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പഞ്ചായത്തുകളാണ് നഗരൂർ, പുളിമാത്ത്, കരവാരം എന്നിവ. രണ്ട് ഘട്ടമായാണ് പദ്ധതി പൂർത്തീകരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ കിഫ്ബിയിൽനിന്ന് 81.81 കോടി രൂപയുടെ ഭരണാനുമതിയായി. കിണർ, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, ഉപരിതല സംഭരണികൾ, ജലവിതരണ ലൈനുകൾ എന്നിവ നിർമിക്കും. രണ്ടാംഘട്ടത്തിൽ ജല ജീവൻ മിഷൻ മുഖേന ജല വിതരണ ശൃംഖലകൾക്കും കുടിവെള്ള കണക്ഷനുകൾക്കുമായി 89.16 കോടി രൂപയുടെ ഭരണാനുമതിയും കിട്ടി. പദ്ധതിക്കായി ആകെ 170.97 കോടി ചെലവഴിക്കും.

വാമനപുരം നദിയാണ് പദ്ധതിയുടെ ജലസ്രോതസ്സ്. പുളിമാത്ത് ആനാകുടിയിൽ നിർമിക്കുന്ന കിണറിൽനിന്ന് വെള്ളം കുറ്റിമൂട്ടിൽ സ്ഥാപിക്കുന്ന ട്രീറ്റ്മെന്റ് പ്ലാന്റിലേക്ക് അയക്കും. കുറ്റിമൂട്ടിൽ സ്ഥാപിക്കുന്ന ജലശുദ്ധീകരണശാലയ്ക്ക് ദിവസം 18 ദശലക്ഷം ലിറ്റർ ജലം ശുദ്ധീകരിക്കാനാകും. ശുദ്ധീകരിച്ച ജലം സംഭരണികളിലേക്ക് എത്തിക്കും. ജലം സംഭരിക്കാനായി കുറ്റിമൂട്ടിലും കരവാരം പഞ്ചായത്തിലും 5 സംഭരണികളൊരുക്കും. 17ലക്ഷം ലിറ്റർ ശേഷിയിൽ കുറ്റിമൂട്ടിൽ ഭൂതല സംഭരണിയും യഥാക്രമം 15.3 ലക്ഷം ലിറ്റർ, 14 ലക്ഷം ലിറ്റർ ശേഷിയിൽ നഗരൂർ തണ്ണിക്കോണത്തും നെടുമ്പറമ്പിലും 5.2ലക്ഷം ലിറ്റർ ശേഷിയിൽ കരവാരം വണ്ടിത്തടത്തിലും 2.8 ലക്ഷം ലിറ്റർ ശേഷിയിൽ പുളിമാത്ത് കടലുകാണിയിലും ഉപരിതല സംഭരണികളും സ്ഥാപിക്കും. ഈ സംഭരണികളെ തമ്മിൽ ബന്ധിപ്പിക്കും. ഇതിനായാണ് 81.81 കോടി രൂപ കിഫ്ബി ഫണ്ടിൽനിന്ന് വിനിയോഗിക്കുന്നത്. ഒന്നാംഘട്ട പ്രവൃത്തികൾക്കൊപ്പം തന്നെ രണ്ടാംഘട്ട പ്രവൃത്തികളും അനുബന്ധമായി ആരംഭിക്കും. രണ്ടാം ഘട്ടത്തിൽ മൂന്ന് പഞ്ചായത്തിലായി 33 കിലോമീറ്ററിൽ ഡി ഐ പൈപ്പുകളും 345 കിലോമീറ്ററിൽ പിവിസി പൈപ്പുകളും സ്ഥാപിക്കും. ആദ്യഘട്ടത്തിൽ മൂന്ന് പഞ്ചായത്തിലുമായി 15438 കുടുംബങ്ങൾക്കാണ് കുടിവെള്ളമെത്തിക്കുന്നത്. അടുത്ത ഏപ്രിൽ–മെയ് മാസത്തോടെ ഇരുപദ്ധതികളും പൂർത്തീകരിച്ച് കമീഷനിങ് നടത്താനാണ് പദ്ധതി.

അയിരൂർ പൊലീസ് സ്റ്റേഷൻ കെട്ടിടത്തിന് തറക്കല്ലിട്ടു

വർക്കല

അയിരൂർ പൊലീസ് സ്റ്റേഷന് കെട്ടിടം ഉയരുന്നു. അയിരൂർ വില്ലേജിൽ വില്ലിക്കടവിന് പാലത്തിന് സമീപം റവന്യൂവകുപ്പ് കൈമാറിയ 23 സെന്റ് ഭൂമിയിലാണ് കെട്ടിടം നിർമിക്കുന്നത്. 2012ൽ സ്ഥാപിതമായതുമുതൽ വാടക കെട്ടിടത്തിലാണ് സ്റ്റേഷന്റെ പ്രവർത്തനം. നിർമാണോദ്ഘാടനം വി ജോയി എംഎൽഎ നിർവഹിച്ചു. എംഎൽഎയുടെ നിരന്തര ശ്രമഫലമായാണ് റവന്യൂവകുപ്പ് സ്ഥലം കൈമാറിയത്.

പൊലീസ് ഹൗസിങ് കൺസ്ട്രക്ഷൻ കോർപറേഷൻ തയാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി എംഎൽഎ ഫണ്ടിൽനിന്ന് 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഈ തുക ഉപയോഗിച്ചാണ് നിർമാണം.

ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സ്മിതാ സുന്ദരേശൻ, പഞ്ചായത്ത് പ്രസിഡന്റുമാരായ എ ബാലിക്, ആർ സൂര്യ, പ്രിയങ്ക ബിറിൽ, ജില്ലാ പഞ്ചായത്തംഗം ഗീതാ നസീർ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലെനിൻ രാജ്, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലൈജു രാജ്, ബ്ലോക്ക് പഞ്ചായത്തംഗം കെ ജി ബെന്നി, വർക്കല ഡിവൈഎസ്പി സി ജെ മാർട്ടിൻ തുടങ്ങിയവർ പങ്കെടുത്തു.

അയിരൂർ പൊലീസ് സ്റ്റേഷൻ കെട്ടിടത്തിന് വി ജോയി എംഎൽഎ തറക്കല്ലിടുന്നു

പ്രോജക്ട് എൻജിനിയർ ഒഴിവ്

തിരുവനന്തപുരം

ജില്ലയിലെ അർധ സർക്കാർ സ്ഥാപനത്തിൽ പ്രോജക്ട് എൻജിനിയർ തസ്തികയിൽ ഒരു താൽക്കാലിക ഒഴിവ്. 70 ശതമാനം മാർക്കോടെ ബിടെക് സിവിൽ, പാലം നിർമാണത്തിൽ മൂന്നു വർഷം പ്രവൃത്തി പരിചയം എന്നിവയാണ് യോഗ്യത. വേതനം 40,000 രൂപ. 41 വയസ് കവിയരുത്. അസൽ സർട്ടിഫിക്കറ്റുകളുമായി 19നകം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരാകണം.

റിപ്പോർട്ട് പ്രസിദ്ധീകരിക്കണം

തിരുവനന്തപുരം

വിഴിഞ്ഞം തുറമുഖ നിർമാണത്തിന്റെ പ്രത്യാഘാതമാണോ ജില്ലയിലെ തീരശോഷണമെന്ന് പഠിക്കാനായി സർക്കാർ നിയോഗിച്ച വിദഗ്ധ സമിതിയുടെ ഇടക്കാല റിപ്പോർട്ട് പ്രസിദ്ധീകരിക്കണമെന്ന് കേരള റീജണൽ ലാറ്റിൻ കാത്തലിക് അസോസിയേഷൻ ആവശ്യപ്പെട്ടു.

പുഴനടത്തം ഇന്ന്

കിളിമാനൂർ

കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ പടിഞ്ഞാറ്റേല മൂഴിയിൽ ഈരാറ്റിൽ വലിയതോട് ശുചീകരിക്കും. ഇതിന്റെ ഭാഗമായ വിളംബര ജാഥയും പുഴനടത്തവും ബുധൻ രാവിലെ 10ന് പള്ളിക്കൽ ഈരാറ്റിൽ നടക്കും. അടൂർ പ്രകാശ് എംപി, വി ജോയി എംഎൽഎ, ഹരിത കേരളംമിഷൻ ഡയറക്ടർ ടി എൻ സീമ, ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് ബി പി മുരളി തുടങ്ങിയവർ പങ്കെടുക്കും.

ഗതാഗതം നിരോധിച്ചു

ചിറയിൻകീഴ്

ആലങ്കോട് – മീരാൻകടവ് റോഡ് നവീകരണത്തിന്റെ ഭാഗമായി ബുധൻ രാവിലെ അഞ്ചു മുതൽ വെള്ളി വൈകിട്ട് അഞ്ചുവരെ തൊപ്പിചന്ത ജങ്ഷൻ മുതൽ മണനാക്ക് ജങ്ഷൻ വരെ ഗതാഗതം നിരോധിച്ചു.

മഴക്കാല പൂർവ ശുചീകരണം

മംഗലപുരം

അഴൂർ ഗ്രാമ പഞ്ചായത്ത് മഴക്കാല പൂർവ ശുചീകരണം ഊർജിതം. വാർഡുതല ശുചീകരണവും പ്ലാസ്റ്റിക്ക് ശേഖരണവും ഓടകളുടെ ശുചീകരണവും നടന്നു. സ്ഥാപനതല ശുചീകരണം അഴൂർ പിഎച്ച്സിയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ അനിൽ ഉദ്ഘാടനം ചെയ്തു.ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഷാജഹാൻ അധ്യക്ഷനായി.

വാർഡ് മെമ്പർ സി മനോഹരൻ, അനിൽ നാഗർനട എന്നിവർ സംസാരിച്ചു മെഡിക്കൽ ഓഫീസർ ഡോ. പത്മ പ്രസാദ് സ്വാഗതവും ഹെൽത്ത് ഇൻസ്പെക്ടർ ആർ ബിനോയ് നന്ദിയും പറഞ്ഞു.

കാനാറ ഉപതെരഞ്ഞെടുപ്പ്

എൽഡിഎഫ് വാർഡ് കൺവൻഷൻ ഇന്ന്

കിളിമാനൂർ

പഴയകുന്നുമ്മേൽ പഞ്ചായത്തിലെ കാനാറ വാർഡ് ഉപതെരഞ്ഞെടുപ്പിലെ എൽഡിഎഫ് പ്രചാരണം ആവേശത്തിൽ. എൽഡിഎഫ് സ്ഥാനാർഥി വി എൽ രേവതി ബുധൻ രാവിലെ 11ന് വരണാധികാരി മുമ്പാകെ പത്രിക സമർപ്പിക്കും. കിളിമാനൂർ ടൗണിൽനിന്ന് പ്രവർത്തകർക്കും നേതാക്കൾക്കുമൊപ്പം പ്രകടനമായെത്തിയാകും പത്രിക നൽകുക.

യുഡിഎഫ് സ്ഥാനാർഥിയായി അപർണ, എൻഡിഎ സ്ഥാനാർഥിയായി ജിൻസി ജെ സതീഷ് എന്നിവരാണ് മത്സരിക്കുന്നത്. കോൺഗ്രസ് അംഗമായിരുന്ന ശ്രീലതയുടെ മരണത്തെ തുടർന്നാണ് ഉപതെരഞ്ഞെടുപ്പ്. കഴിഞ്ഞ തവണ 6 വോട്ടുകൾക്കാണ് യുഡിഎഫ് വിജയിച്ചത്.

എൽഡിഎഫ് സ്ഥാനാർഥി വോട്ടർമാരെ കണ്ട് വോട്ട് അഭ്യർഥിക്കാനാരംഭിച്ചു. ബുധൻ വൈകിട്ട് കാനാറ എംജിഎം സ്കൂളിൽ എൽഡിഎഫ് വാർഡ് തെരഞ്ഞെടുപ്പ് കൺവൻഷൻ മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. സിപിഐ എം ജില്ലാ സെക്രട്ടറി വി ജോയി എംഎൽഎ, സിപിഐ ജില്ലാ സെക്രട്ടറി മാങ്കോട് രാധാകൃഷ്ണൻ, ഒ എസ് അംബിക എംഎൽഎ എന്നിവർ സംസാരിക്കും.

ബംഗളൂരുവിൽനിന്നെത്തിയ യുവാവ് എംഡിഎംഎയുമായി പിടിയിൽ

തിരുവനന്തപുരം

ബംഗളൂരു–തിരുവനന്തപുരം വോൾവോ ബസിലെ യാത്രക്കാരൻ 9.589 ഗ്രാം എംഡിഎംഎയുമായി എക്സൈസിന്റെ പിടിയിൽ. പാലോട് വട്ടക്കരിക്കകം തൊഴിയിൽ വീട്ടിൽ ടി മുഹമ്മദ് ഷിജാസ് (22) ആണ് പിടിയിലായത്. മലപ്പുറത്തേക്കെന്ന് പറഞ്ഞ് നാലുദിവസം മുമ്പ് വീട്ടിൽനിന്നിറങ്ങിയ ഇയാൾ ബംഗളൂരു മടിവാളയിലെത്തിയാണ് എംഡിഎംഎ വാങ്ങിയത്. ഇയാൾക്ക് മയക്കുമരുന്ന് നൽകിയ കാസർഗോഡ് സ്വദേശി ശ്രീരാഗിനെക്കുറിച്ച് അന്വേഷണം തുടങ്ങിയതായി എക്സൈസ് അറിയിച്ചു.

മുഹമ്മദ് ഷിജാസ്

മലയാളി വിദ്യാർഥികൾക്ക് ബംഗളൂരുവിൽ വിവിധ കോഴ്സുകൾക്ക് അഡ്മിഷൻ എടുത്തുനൽകുന്നയാളാണ് ശ്രീരാഗ്. ഇയാളാണ് മലയാളി വിദ്യാർഥികൾക്ക് ലഹരിമരുന്ന് എത്തിക്കുന്നതെന്ന് പ്രതി സമ്മതിച്ചു. 10 മുതൽ 20 വർഷംവരെ ശിക്ഷ ലഭിക്കാവുന്ന അളവിലാണ് മുഹമ്മദ് ഷിജാസ് എംഡിഎംഎ കൈവശം വച്ചത്. എക്സൈസ് ചെക്ക്പോസ്റ്റിലെ സർക്കിൾ ഇൻസ്പെക്ടർ സി പി പ്രവീണിന്റെ നിർദേശാനുസരണം ഇൻസ്പെക്ടർ സജിത്തിന്റെ നേതൃത്വത്തിലായിരുന്നു പരിശോധന.

അപ്രന്റീസ് ട്രെയിനിങ് പ്രോഗ്രാം

തിരുവനന്തപുരം

റീജണൽ ക്യാൻസർ സെന്ററിൽ റിസപ്ഷനിസ്റ്റ് അപ്രന്റീസ് ട്രെയിനിങ് പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി 20 വൈ കിട്ട് നാല്. വിശദവിവരങ്ങൾക്കും അപേക്ഷാ ഫോമിനും: www.rcctvm.gov.in.

ഖരമാലിന്യ പരിപാലന രൂപരേഖ തയ്യാറാക്കുന്നതിനുള്ള കൺസൾട്ടേഷൻ യോഗം നഗരസഭാ വൈസ് ചെയർമാൻ തുളസീധരൻ പിള്ള ഉദ്ഘാടനം ചെയ്യുന്നു

ഖരമാലിന്യ പരിപാലന പദ്ധതി

ആറ്റിങ്ങൽ

ഖരമാലിന്യ പരിപാലന മേഖലയിൽ നവീന പദ്ധതികൾക്ക് തുടക്കംകുറിച്ച് ആറ്റിങ്ങൽ നഗരസഭ. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന കെഎസ്ഡബ്ല്യുഎംപി പദ്ധതിയുടെ ഭാഗമായി ഖരമാലിന്യ പരിപാലന രൂപരേഖ തയ്യാറാക്കുന്നതിനുവേണ്ടിയുള്ള കൺസൾട്ടേഷൻ യോഗം ആറ്റിങ്ങൽ നഗരസഭാ ലൈബ്രറി ഹാളിൽ നടന്നു. നഗരസഭ വൈസ് ചെയർമാൻ തുളസീധരൻ പിള്ള ഉദ്ഘാടനം ചെയ്തു. ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ രമ്യ സുധീർ അധ്യക്ഷയായി.

ഗുണഭോക്താക്കളായ വിവിധ മേഖലകളെ പ്രതിനിധാനം ചെയ്യുന്ന വ്യക്തികൾ, സംഘടനകൾ, സ്ഥാപന മേധാവികൾ, സാങ്കേതിക വിദഗ്ധർ, പൊതുജനങ്ങൾ എന്നിവരിൽനിന്നും അഭിപ്രായങ്ങൾ സ്വീകരിച്ചു. കെ എസ് അരുൺ, ഡോ. പി ജി അനൂജ, പി വിജീഷ്, ജെവിക് വിറായൻ, റാംകുമാർ എന്നിവർ സംസാരിച്ചു.

വീണുകിട്ടിയ മാല ഉടമയ്ക്ക് നൽകി

കളഞ്ഞു കിട്ടിയ സ്വർണമാല ഉടമയ്ക്ക് കൈമാറുന്നു

മംഗലപുരം

വീണ്കിട്ടിയ സ്വർണമാല ഉടമയ്ക്ക് തിരികെ നൽകി സഹകരണസംഘം ജീവനക്കാരി.

കഴിഞ്ഞ ദിവസമാണ് തോന്നയ്ക്കൽ സഹകരണ ബാങ്ക് ജീവനക്കാരി എസ് ഗീതകുമാരിക്ക് വഴിയിൽ വച്ച് 11 ഗ്രാമിന്റെ മാല കിട്ടിയത്. തുടർന്ന് നടത്തിയ അന്വേഷണത്തിൽ ഉടമസ്ഥയെ കണ്ടെത്തി ബാങ്ക് പ്രസിഡന്റ് സതീശൻ നായരുടെയും ഭരണസമിതി അംഗങ്ങളുടെയും സാന്നിധ്യത്തിൽ മാല കൈമാറി. കെസിഇയു തോന്നയ്ക്കൽ എസ്സിബി യൂണിറ്റ് അംഗമാണ് ഗീതകുമാരി.

പാദസരം മോഷ്ടിച്ചു; നിരവധി കേസുകളിലെ പ്രതി പിടിയിൽ

നെടുമങ്ങാട്

നെടുമങ്ങാട്ടെ ഫാൻസി കടയിൽനിന്ന് ഒരു വയസ്സുകാരിയുടെ സ്വർണ പാദസരം മോഷ്ടിച്ച കേസിലെ പ്രതി പിടിയിലായി. അരുവിക്കര ഇരുമ്പ ആലുമ്മൂട് കുന്നുംപുറത്തു വീട്ടിൽ ശ്രീലതയെ (45) ആണ് നെടുമങ്ങാട് സി ഐ സതീഷ്കുമാറും സംഘവും അറസ്റ്റുചെയ്തത്. നെടുമങ്ങാട് ചന്ത ജങ്ഷന് എതിർവശത്തുള്ള ഫാൻസി കടയിൽവച്ചാണ് ഇവർ കുട്ടിയുടെ പാദസരം കവർന്നത്. പ്രതി പാദസരം ഊരിയെടുക്കുന്നത് സിസിടിവി ദൃശ്യങ്ങളിൽനിന്നും വ്യക്തമായതിന്റെ അടിസ്ഥാനത്തിലായിരുന്നു അറസ്റ്റ്. നിരവധി മോഷണക്കേസുകളിലെ പ്രതിയാണ് ശ്രീലതയെന്ന് പൊലീസ് പറഞ്ഞു. തിരക്കുള്ള ബസുകളിലും ബസ് സ്റ്റാൻഡുകളിലും എത്തി കുഞ്ഞുങ്ങളുമായി നിൽക്കുന്ന അമ്മമാരെ കേന്ദ്രീകരിച്ച് മോഷണം നടത്തുന്നതാണ് ശ്രീലതയുടെ രീതി. തമ്പാനൂർ സ്റ്റേഷനിൽ അനാശാസ്യത്തിനും മ്യൂസിയം സ്റ്റേഷനിൽ മാലപൊട്ടിച്ചെടുത്തതിനും ഫോർട്ട് സ്റ്റേഷനിൽ പാദസരം കവർന്നതിനും കാട്ടാക്കട ബസ് സ്റ്റാൻഡിൽ കുട്ടിയുടെ മാല പൊട്ടിച്ചെടുത്ത കേസിലും രാമചന്ദ്രൻ ടെക്സ്റ്റൈൽസിൽനിന്നും മോഷണം നടത്തിയ കേസിലും പ്രതിയാണ് ശ്രീലത.